DESPATCHED
22.1.22

17/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: slc.ker@nic.in

ഹർജി നമ്പർ **AP. 560*(7)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3684**/*എസ്.ഐ.സി-ജി 6/2015*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എം.വി.ഉണ്ണികൃഷ്ണൻ,
മീത്തലവളപ്പിൽ,
എടക്കാട്, കണ്ണൂർ. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1,
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ,
നഗരസഭാ കാര്യാലയം, കോഴിക്കോട്.

2. അപ്പീൽ അധികാരി&
ഹെൽത്ത് ഓഫീസർ,
കോഴിക്കോട് കോർപ്പറേഷൻ ഓഫീസ്,
ബീച്ച് പി.ഒ., കോഴിക്കോട് – 673 032.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.01.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.01.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03.02.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.03.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 09.03.2015 |
| ഹിയറിംഗ് നടന്ന തീയതി | 18.12.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.വി.ഉണ്ണിക്കൃഷ്ണൻ, 04.03.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 09.03.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.560(7)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തെറ്റായതും അപൂർണ്ണവുമായതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് അപ്പീൽ അധികാരി യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 08.01.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 23.01.2015ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, 02.11.2014ലെ ടിയാന്റെ പരാതിയിൽ പ്രതിപാദിച്ച അനധികൃത വ്യാപാരം നീക്കം ചെയ്തത് 6-ാം സർക്കിൾ ഹെൽത്ത്ഇൻസ്പെക്ടർ **(IInd grade)** ആയ ജി.പി.രാംദാസ് എന്നവരുടെ നേതൃത്വത്തിലാണ്. ഇദ്ദേഹത്തെപ്പറ്റിയുള്ള സർവ്വീസ്, സ്വത്ത് വിവരങ്ങൾ നൽകുന്നത് വിവരാവകാശ നിയമം **8(j),9** സെക്ഷനുകൾ പ്രകാരം അനുവദനീയമല്ലാത്തതിനാൽ അനുവദിക്കാൻ നിവൃത്തിയില്ലെന്നാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഒന്നാം അപ്പീൽ സമർപ്പിച്ചതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി 22.04.2015ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ ഹർജിക്കും യഥാസമയം ടി ഓഫീസിൽ നിന്നും മറുപടി ടിയാന് അയച്ചു കൊടുത്തിട്ടുണ്ടെന്നും മറുപടികളുടെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി

മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തെറ്റായതും അപൂർണ്ണവുമായ വിവരങ്ങളാണ് നൽകിയതെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് നൽകിയിട്ടുള്ളതായി കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 2022 ജനുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/